പോലീസ് വകുപ്പിൽ കോൺസ്റ്റബിൾ (എ.പി.ബി) കെ.എ.പി –5 ബറ്റാലിയൻ (കോട്ടയം– ഇടുക്കി) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും മെയ് **22** മുതൽ ജൂൺ **3** വരെ കോട്ടയം, ഇടുക്കി ജില്ല കളിലെ നിശ്ചിയിക്കപ്പെട്ടിട്ടുള്ള ഗ്രൗണ്ടുകളിൽ വച്ച് നടത്തും. **ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്ക റ്റിന്റെ മാതൃക, നിർദ്ദേശങ്ങൾ എന്നിവ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റിൽ** (**www.keralapsc.gov.in**) **നിന്ന് ഡൗൺലോഡ് ചെയ്തെടുക്കണം.** കമ്മീഷൻ അനുവദിച്ചിട്ടുള്ള ഫോട്ടോ പതിച്ചതിരിച്ചറിയൽ രേഖ, വയസ്, വിദ്യാഭ്യാസ യോഗ്യത (പ്ലസ് ടു/ തത്തുല്യം),വെയിറ്റേജ്, സ്പോർട്സ്,എൻ.സി.സി, എന്നിവ തെളിയിക്കുന്ന പ്രമാണങ്ങളുടെ അസൽ, ശരിപകർപ്പുകൾ, അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽ നിന്നും നിശ്ചിതമാതൃകയിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് (നൽകുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഓഫീസ് സീൽ എന്നിവ സഹിതം) പട്ടികജാതി/വർഗവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തഹസീൽദാർ നൽകുന്ന ജാതിസർട്ടിഫിക്കറ്റ് (അസലും രണ്ട് ശരിപകർപ്പുകളും) എന്നിവ സഹിതം രാവിലെ ആറ് മണിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഗ്രൗിൽ എത്തണം. വിശദ വിവരങ്ങൾ 04868 272359 ഫോണിൽ ലഭിക്കും.